കാട്ടുതീയും ദുരന്തങ്ങളും പതിവ്; ശ്രീകണ്ഠപുരം ഫയർസ്റ്റേഷൻ കടലാസിൽ തന്നെ

ശ്രീകണ്ഠപുരം: മുൻ വർഷത്തേക്കാൾ നേരത്തെ വേനൽ ചൂടിന്റെ തീവ്രതയെത്തിയതോടെ ഗ്രാമങ്ങളിലും മലമടക്കുകളിലും കാട്ടുതീ ഭീതി ഉയരുകയാണ്. കാട്ടുതീയും മറ്റ് ദുരന്തങ്ങളുമുണ്ടായാൽ നേരിടേണ്ടുന്ന അഗ്നിശമനസേനാ ഓഫീസ് മലയോര കേന്ദ്രമെന്ന നിലയിൽ ശ്രീകണ്ഠപുരത്ത് സ്ഥാപിക്കുമെന്ന അധികൃതരുടെ പ്രഖ്യാപനം ജലരേഖയായത് വൻ പ്രതിഷേധങ്ങൾക്കിടയാക്കുന്നു.വേനൽ ചൂടിൽ പല തവണ കാട്ടുതീയുണ്ടാവാറുണ്ടെന്നതാണ് മുൻ വർഷങ്ങളിലെ അനുഭവം. ഇത്തവണയും സ്ഥിതിയിൽ മാറ്റമുണ്ടായിട്ടില്ല. കാട്ടുതീ യെന്നാണ് പറയുന്നതെങ്കിലും കാട്ടുതീയെ മറയാക്കി ചില സാമൂഹ്യ വിരുദ്ധർ മനപൂർവം തീയിടുന്ന സ്ഥിതിയുമുണ്ടാവാറുണ്ട്.മലയോരഗ്രാമങ്ങളിലെ ഹെക്ടറുകണക്കിന് പ്രദേശങ്ങൾ വേനലിൽ അഗ്നിക്കിരയാവാറുണ്ട്. തീ പടരുമ്പോൾ വിവിധകാർഷിക വിളകളും പക്ഷിമൃഗാദികളുമെല്ലാം വെന്തു വെണ്ണീരാവുന്ന അവസ്ഥയാണുള്ളത്. പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളായ പൈതൽമലയിലും പാലക്കയം തട്ടിലും കാഞ്ഞിരക്കൊല്ലിയിലുമെല്ലാം കാട്ടുതീ പതിവാണ്. കാട്ടുതീ വരുന്നതോടെ വൻ നഷ്ടമാണുണ്ടാവുന്നത്. വനം വകുപ്പിന്റെ മുൻകരുതലില്ലാത്തത് തീ പടരുന്നതിനു വേഗത കൂട്ടുന്നുണ്ട്. വൈതൽ മലഞ്ചെരുവിൽ മുൻ വർഷങ്ങളിലെല്ലാം തീ പടർന്ന് അത്യപൂർവ്വ ഔഷധ സസ്യങ്ങളും വംശനാശം നേരിടുന്ന വന്യജീവികളുമെല്ലാം വെന്തുരുകിയ ദയനീയ കാഴ്ചയാണുണ്ടായത്. മലമടക്കുകളിലെ തോട്ടങ്ങളിൽ അഗ്നിബാധയെ തുടർന്ന് ഏക്കറുകണക്കിന് സ്ഥലത്തെ കശുമാവും റബ്ബറും ഉൾപ്പെടെ നശിച്ചിട്ടുണ്ട്. ഇത്തവണ കൂറുമാത്തൂരിനടുത്ത വെള്ളാരം പാറയിലാണ് ആദ്യ തീപിടുത്തമുണ്ടായത്. ഏക്കറുകണക്കിനു സ്ഥലം അഗ്നിക്കിരയായി. കഴിഞ്ഞ മാസങ്ങളിൽ ഏരുവേശിപഞ്ചായത്തിലെ അരീക്കാമലയിലും സമീപ ങ്ങളിലുമായി ആയിരകണക്കിന് ടാപ്പിംഗ് നടത്തുന്ന റബ്ബർ തോട്ടങ്ങൾ കത്തിനശിച്ചിരുന്നു. മലയോര മേഖലകളിലെ തീപിടുത്തം തടയാൻ അഗ്നിശമന സേനക്കും സാധിക്കാറില്ല. കാരണം തളിപ്പറമ്പിലും മട്ടന്നൂരിലുമാണ് നിലവിൽ മലയോര കേന്ദ്രങ്ങളിലുള്ളവർ ആശ്രയിക്കുന്ന ഫയർ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഉൾഗ്രാമങ്ങളിൽ തീപിടുത്തമോ മറ്റ് ദുരന്തങ്ങളോ ഉണ്ടായാൽ ഏറെ ദൂരെയുള്ള തളിപ്പറമ്പ്, മട്ടന്നൂർ, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നുള്ള അഗ്നിശമന സേന എത്തണമെങ്കിൽ ഏറെ സമയമെടുക്കും. ദുരന്തങ്ങൾ കഴിഞ്ഞ ശേഷമാണ് പലപ്പോഴും അഗ്നിശമന സേന അതിർത്തി ഗ്രാമങ്ങളിലെത്താറുള്ളത്. ഇനി കൃത്യ നേരത്ത് എത്തിയിൽ തന്നെ വെള്ളം തീർന്നാൽ തിരികെ പോകുന്ന അവസ്ഥയാണ് മിക്കവാറും ഉണ്ടാവുന്നത്. ചെങ്ങളായി, പയ്യാവൂർ, ശ്രീകണ്ഠപുരം പുഴകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 15 ഓളം വിദ്യാർത്ഥികൾ മുങ്ങിമരിച്ചിരുന്നു. കുളിക്കാനിറങ്ങിയപ്പോഴാണ് കുട്ടികൾ ഒഴുക്കിൽപ്പെട്ട് മുങ്ങി മരിച്ചത്. തക്ക സമയത്ത് അഗ്നിശമന സേനയുടെ സേവനം കിട്ടിയിരുന്നെങ്കിൽ ഇത്തരം ദുരന്തങ്ങളിൽ ചില ജീവനുകളെങ്കിലും രക്ഷിക്കാൻ കഴിയുമായിരുന്നു. ഇവിടെയെല്ലാം ഉണ്ടായ ദുരന്തങ്ങളിൽ മണിക്കൂറുകൾ കഴിഞ്ഞാണ് ദൂരെ നിന്നും അഗ്നിശമന സേനക്ക് എത്താൻ കഴിഞ്ഞത്. പയ്യാവൂർ പുഴയിൽ അഞ്ച് കുട്ടികളും ചെങ്ങളായി പുഴയിൽ മൂന്ന് കുട്ടികളും ഒരു ദിനം ഒന്നിച്ച് മരണപ്പെട്ടപ്പോഴെല്ലാം അഗ്നിശമന സേനയുടെ സേവനം തക്ക സമയത്ത് ലഭിക്കാതെ പോയത് ജനങ്ങൾ തിരിച്ചറിഞ്ഞതാണ്. തെരഞ്ഞെടുപ്പ് വേളകളിൽ ശ്രീകണ്ഠപുരത്ത് ഫയർ സ്റ്റേഷൻ പ്രഖ്യാപിച്ചിരുന്നവർ പിന്നീട് അക്കാര്യം മറക്കുന്ന സ്ഥിതിയാണുള്ളത്. ശ്രീകണ്ഠപുരത്ത് മലയോര കേന്ദ്രമെന്ന പരിഗണനയിൽ കഴിഞ്ഞ യു ഡിഎഫ് സർക്കാർ ഫയർ സ്റ്റേഷൻ അനുവദിച്ചതായി പ്രഖ്യാപനമുണ്ടായെങ്കിലും അത് യാഥാർത്ഥ്യമായിട്ടില്ല. ഇടതു സർക്കാരുംബജറ്റിൽ പരിഗണിക്കാവുന്ന പദ്ധതികളിൽ മാത്രം ശ്രീകണ്ഠപുരം ഫയർ സ്റ്റേഷൻ വച്ചിട്ടുണ്ട്.പ്രധാന പദ്ധതികൾ നടപ്പാക്കിയ ശേഷം ഫയർ സ്റ്റേഷൻ പരിഗണിക്കുമെന്നാണ് പറയുന്നത്. അത് എന്ന് യാഥാർത്ഥ്യത്തിലെത്തുമെന്ന് ആർക്കും അറിയില്ല. ചിലപ്പോൾ കാലങ്ങൾ ഇനിയും നീണ്ടു പോയേക്കും. കാട്ടുതീയും പുഴയിലെ മുങ്ങിമരണങ്ങളും ഉൾപ്പെടെ പരിഗണിച്ച് ഫയർ സ്റ്റേഷൻ യാഥാർത്യമാക്കാൻ അധികൃതർ മനെക്കെടുമോയെന്ന് കണ്ടറിയണം.

കുറുമാത്തൂർ സൗത്ത് യു.പി സ്കൂൾ വാർഷികാഘോഷം സംവിധായകൻ ഷെറി ഉദ്ഘാടനം ചെയ്യുന്നു.

കുറുമാത്തൂർ യു.പി സ്കൂൾ വാർഷികാഘോഷം

കുറുമാത്തൂർ: കുറുമാത്തൂർ സൗത്ത് യു.പി സ്കൂൾ വാർഷിക ആഘോഷം സംവിധായകൻ ഷെറി ഉദ്ഘാടനം ചെയ്തു. വിര മിച്ച അധ്യാപകരെ വാർഡ് മെമ്പർ എൻ.പി. റസാഖ് ആദരിച്ചു. പ്രതീപ് കുമാർ അധ്യക്ഷത വഹിച്ചു. ചന്ദ്രമതി ടീച്ചർ, ബാലൻ മാസ്റ്റർ, കെ.സി. രജനി, ഗംഗാധരൻ മാസ്റ്റർ, നൗഷാദ് നാസർ മൗല വി, തങ്കമണി ടീച്ചർ സംസാരിച്ചു.

രയരോം ഇടത്തുംകരി ക്ഷേത്രത്തിലെ കളിയാട്ട മഹോത്സവ ത്തോടനുബന്ധിച്ച് നടന്ന കലവറ നിറക്കൽ ഘോഷയാത്ര

ജവഹർ സ്റ്റേഡിയം മൽസരങ്ങൾക്ക് പ്രയോജനപ്പെടുത്തണം

കണ്ണൂർ: കണ്ണൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ജവഹർ സ്റ്റേഡിയം ഫുട്ബോൾ മൽസരങ്ങൾക്ക് പ്രയോജനപ്പെടുത്തണ മെന്ന് സ്പോർട്സ് ഡവലപ്പ്മെന്റ് ട്രസ്റ്റ് വാർഷിക ജനറൽ ബോഡിയോഗം ആവശ്യപ്പെട്ടു.

ഇന്ത്യൻ ഫുട്ബോളിന് നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ മുഖ്യപങ്ക് വഹിച്ച ജവഹർ സ്റ്റേഡിയം ഇന്ന് ശോചനീ യാവസ്ഥയിലാണ്. സ്റ്റേഡിയം നവീകരിച്ച് കളിക്ക് ഉപയോഗപ്ര ദമാക്കിയില്ലെങ്കിൽ സമര നടപടികളിലേക്ക് നീങ്ങുവാൻ വാർഷിക ജനറൽ ബോഡിയോഗം തീരുമാനിച്ചു. ഭാരവാഹികളായി പി.വി. സുമൻ (ചെയർമാൻ), എം.പി. അശോകൻ, പി. രാജീവൻ, സുധീഷ് പാമ്പൻ (വൈസ് ചെയർമാൻ), ടി. ഗിരിധരൻ (ജനറൽ സെക്രട്ട റി), രമേശൻ, ഷാജി, മെഹറൂഫ് (ജോയിന്റ് സെക്രട്ടറി), സുന്ദർ ബാബു (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ഉദയഗിരി പഞ്ചായത്ത് സ്പോർട്സ് കിറ്റ് വിതരണം പ്രസിഡണ്ട് മിനി മാത്യു നിർവഹിക്കുന്നു.

സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തു

കാർത്തികപുരം: ഉദയഗിരി പഞ്ചായത്ത് ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ അംഗീകൃത ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാ ടനം നിർവഹിച്ചു. വൈസ് പ്രസിഡണ്ട് സിജോ ജോർജ് അധ്യ ക്ഷത വഹിച്ചു. സരിത മാത്യു, ബീന സുരേഷ്, ജോസഫ് വട്ടക്കൊ ട്ടയിൽ, മാനുവൽ വടക്കേമുറി, ഷൈലജ സുനിൽ പ്രസംഗിച്ചു. പഞ്ചായത്ത് സെക്രട്ടറി എ.വി. പ്രകാശൻ സ്വാഗതം പറഞ്ഞു.

കട്ടയാൽ നവചേതന വായനശാലയിൽ സംഘടിപ്പിച്ച എൽ. ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനത്തിൽ നിന്ന്

എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം നടത്തി

ആലക്കോട്: കരിങ്കയം കട്ടയാൽ നവചേതന വായനശാല ആന്റ് ഗ്രന്ഥാലയം മൂന്നാം വാർഡിൽ നടപ്പിലാക്കുന്ന ഊർജ ഗ്രാമം പദ്ധതിയുടെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിൽ, ഇ. എം.സി, വനിതാവേദി, കുടുംബശ്രീ സഹകരണത്തോടെ സ്ത്രീകൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിൽ പരിശീലനം നൽകി. വിജിൽ, ശിഖിൽ എന്നിവർ പരിശീലനം നയിച്ചു. സി.വി. സന്ദീപ്, കെ.കെ. ഉണ്ണികൃഷ്ണൻ, ശ്രീജിന രാജേഷ്, എൻ.വി. ഗിരിജ നേതൃത്വം നൽകി. സി.കെ. അജീഷ് സ്വാഗതവും പി.കെ. സുരേഷ് നന്ദിയും പറഞ്ഞു. 30 പേർ പങ്കെടുത്തു.

മണക്കടവ് മഹാവിഷ്ണു ക്ഷേത്രത്തിലെ ഉത്സവത്തോട നുബന്ധിച്ച് ടൗണിൽ നടന്ന പര യെടുപ്പ് ചടങ്ങിൽ നിന്ന്

ശ്രീകണ്ഠപുരം നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങുന്നു

ആദ്യ ഗഡുവായി 50 ലക്ഷം രൂപ ലഭിച്ചു

ശ്രീകണ്ഠപുരം: നഗരസഭയോ യതിന് ശേഷം രണ്ട് വർഷമായി മുടങ്ങിയ തൊഴിലുറപ്പ് പദ്ധതി ശ്രീകണ്ഠപുരം നഗരസഭയിൽ പുനരാരംഭിക്കുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധ തിക്ക് പകരമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയാണ് തുട ങ്ങുന്നതെന്ന് നഗരസഭ അധികൃ തർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഏപ്രിൽ മാസ ത്തിൽ തന്നെ തൊഴിലാളിക ളുടെ രജിസ്ട്രേഷൻ നട ത്താനും പണികൾ തുടങ്ങാനും സാധിക്കുമെന്നാണ് നഗരസഭ അധികൃതരുടെ പ്രതീക്ഷ. പുതു തായി വന്ന നാല് നഗരസഭക ളിൽ അയ്യങ്കാളി നഗര തൊഴിലു റപ്പ് പദ്ധതിയുടെ മാസ്റ്റർ പ്ലാനിന് ആദ്യമായി അംഗീ കാരം ലഭിച്ചത് ശ്രീകണ്ഠപുര ത്താണ്. മൂന്ന് കോടിയുടെ തൊഴിലുറപ്പ് പദ്ധതിയാണ് നഗ രസഭ സർക്കാരിൽ സമർപ്പിച്ചത്. ഇതിൽ 1.95 കോടിയുടെ പദ്ധ തിയാണ് അംഗീകരിച്ചത്. ഇതിന്റെ ആദ്യ ഗഡുവായ 50 ലക്ഷം നഗരസഭയ്ക്ക് ലഭിച്ചുക ഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം വൈകിമാത്രം പദ്ധതി അംഗീകരിച്ചു കിട്ടുകയും ആദ്യ ഗഡു കിട്ടാൻ വൈകുകയും ചെയ്തതിനാൽ തുക പാഴാകി ല്ലെന്നും ഈ സാമ്പത്തിക വർഷത്തിൽ തുക ചെലവഴി ക്കാൻ കഴിയുമെന്നും നഗരസഭ ചെയർമാൻ പി.പി. രാഘവൻ പറഞ്ഞു.

നഗരസഭയിലെ എല്ലാ വാർഡുകളിലും തൊഴിലാളിക ളുടെ രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കാനും അർഹരായ കുടുംബങ്ങളെയെല്ലാം പദ്ധ തിക്ക് കീഴിൽ കൊണ്ടുവരുന്ന തിനുമാണ് ശ്രമം നടക്കുന്നത്. പദ്ധതിയുടെ 40 ശതമാനം തുകയും കാർഷിക മേഖലയിൽ ചെലവഴിച്ച് തരിശ് രഹിത നഗ രസഭയാക്കുകയാണ് ലക്ഷ്യം.

ലൈഫ് പദ്ധതി തകർക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണം ശരിയല്ലെന്നും ചെയർമാൻ പറ ഞ്ഞു. പാതിവഴിയിൽ നിന്നു പോയ 44 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്ന തിന് 70 ലക്ഷം രൂപ ആവശ്യമു ണ്ട്. ഇതിൽ 23 ലക്ഷം നഗരസഭ വിഹിതമായി അടച്ചുകഴിഞ്ഞു. 22 ലക്ഷം സർക്കാർ വിഹിത മായി ലഭിച്ചു. ബാക്കി തുക മുഴു വൻ കണ്ടെത്തി മെയ് മാസ ത്തോടെ എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കും. വാർത്താ സമ്മേളനത്തിൽ നഗ രസഭ ചെയർമാൻ പി.പി. രാഘ വൻ, എ.പി. മുനീർ, വി.വി. സന്തോഷ്, വർഗീസ് നെടിയകാ ലയിൽ എന്നിവർ പങ്കെടുത്തു.

പൂർവ്വ വിദ്യാർത്ഥി സംഗമം 29ന്

പരിയാരം: കെ.കെ.എൻ. പരി യാരം മെമ്മോറിയൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ 1996-97 വർഷത്തെ എസ്.എസ്. എൽ.സി വിദ്യാർത്ഥികളുടെ സംഗമം 29ന് പരിയാരം ഹൈസ്കൂളിൽ സംഘടിപ്പി ക്കും. സംഗമത്തിന്റെ വിജയ ത്തിനായി സംഘാടക സമിതി രൂപീകരിച്ചു. യോഗത്തിൽ പി. പി. സുധീഷ് അധ്യക്ഷത വഹി ച്ചു. പി. രഞ്ജിത്ത്, ടി.വി. ശ്രീജ, കെ. വിനോദ്, കെ.വി. വിമേഷ്, കെ.വി. നീന, എസ്. ബാലകൃ ഷ്ണൻ സംസാരിച്ചു. എൻ. ഉണ്ണികൃഷ്ണൻ സ്വാഗതം പറ ഞ്ഞു. ഭാരവാഹികൾ: പി. രഞ്ജിത്ത് (ചെയർമാൻ), ടി.വി. ശ്രീജ (വൈസ് ചെയർമാൻ), എൻ. ഉണ്ണികൃഷ്ണൻ (കൺവീ നർ), പി.പി. സുധീഷ് (ജോ യിന്റ് കൺവീനർ), കെ. ജാബിർ (ട്രഷറർ). ബന്ധപ്പെ ടേണ്ട നമ്പർ: 9495001643, 9446875598.

സുന്നി ബാലവേദി സത്യ സമ്മേളനം

നടുവിൽ: 'പറയാം നമുക്ക് സത്യം മാത്രം എത്ര കൈപ്പേറി യതാണെങ്കിലും' എന്ന പ്രമേയ ത്തിൽ ചപ്പാരപ്പടവ് റൈഞ്ച് എസ്.കെ.എസ്.ബി.വി. സത്യസ മ്മേളനം സംഘടിപ്പിച്ചു. ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ ഉപാദ്ധ്യക്ഷൻ സക്കരിയ്യ ദാരിമി കാക്കടവ് ഉദ്ഘാടനം ചെയ്തു. അഹ്ദ് നടുവി ലിന്റെ അധ്യക്ഷതയിൽ ജംഷീർ ഫൈസിൽ ആല ക്കാട് പ്രമേയ പ്രഭാഷണം നടത്തി. അഷ്റഫ് ഫൈസി ഇർഫാനി, സി.എച്ച്. അബൂ ബക്കർ ഹാജി, മുഹ്യുദ്ദീൻ ഹാജി നടുവിൽ, യു. എൻ. മുസ്തഫ മൗലവി, എം.സി. മമ്മു ശാന്തിഗിരി, നൗഫൽ മൗലവി തിരുവട്ടൂർ, മിഖ്ദാദ് രയരോം, അഷ്റഫ് ദാരിമി വെള്ളിക്കീൽ, ശഫീഖ് അസ് അദി ആലക്കാട് സംസാരിച്ചു. മഹ്റൂഫ് ചപ്പാരപ്പടവ് സ്വാഗ തവും യാസീർ കുട്ടാപറമ്പ് നന്ദിയും പറഞ്ഞു.

വിദ്യാർത്ഥികൾ നന്മയുടെ വാഹകരാവുക: ജൗഹറലി തങ്ങൾ

തളിപ്പറമ്പ: ആധുനിക കാലത്ത് വിദ്യാർത്ഥി സമൂഹം നന്മയുടെയും നേരിന്റെയും വാഹകരാവണമെന്നും ജീവിത ത്തിലുടനീളം സത്യം കൊണ്ടു വരണമെന്നും പാണക്കാട് ജൗഹറലി ശിഹാബ് തങ്ങൾ. തളിപ്പറമ്പ് റൈഞ്ച് എസ്.കെ.എ സ്.ബി.വി. കമ്മിറ്റി കടമ്പേരി ഇസ്സത്തുൽ ഇസ്ലാം മദ്രസയിൽ സംഘടിപ്പിച്ച സത്യസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരി ക്കുകയായിരുന്നു അദേഹം. മുസ്തഫ പൂക്കോയ തങ്ങൾ അധ്യക്ഷനായി. ശിഹാബുദീൻ യമാനി പ്രാർത്ഥന നടത്തി. പി. പി. മുഹമ്മദ്കുഞ്ഞി മൗലവി അരിയിൽ പ്രമേയ പ്രഭാഷണം നടത്തി. ശഫീഖ് ദാരിമി വെള്ളി ക്കീൽ, സമദ് കടമ്പേരി, അബ്ദു സമദ് മൗലവി, അബ്ദുല്ല അസ് അദി, അയ്യൂബ് ദാരിമി, ശബീർ കടമ്പേരി പ്രസംഗിച്ചു. സുന്നി ബാലവേദി റൈഞ്ച് കൺവീനർ എ. അനസ് അസ്അദി ഏഴോം സ്വാഗതവും എം. ശാനിദ് കുറ്റിക്കോൽ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ് റൈഞ്ച് എസ്.കെ.എസ്.ബി.വി. സത്യസമ്മേളനം പാണക്കാട് ജൗഹറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

ചപ്പാരപ്പടവ് റൈഞ്ച് സത്യസമ്മേളനം സക്കരിയ ദാരിമി കാക്കടവ് ഉദ്ഘാടനം ചെയ്യുന്നു.

വികസന കാര്യത്തിൽ ഇരട്ടത്താപ്പ് നയമാണ് ബി.ജെ.പിക്ക്: കേരള കോൺഗ്രസ്(ബി)

തളിപ്പറമ്പ: വളപ വയൽ വഴിയാക്കാൻ കേന്ദ്ര ടണം-ചാല ബൈപ്പാസ് ത്തിന് നിവേദനം നല്കിയ

കളരിപ്പയറ്റ് നിഘണ്ടു പ്രകാശനം ചെയ്തു

കണ്ണൂർ: സർവ്വമംഗളാ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഡോ.സി.ഗംഗാധരൻ എഴുതിയ കളരിപ്പയറ്റ് നിഘണ്ടു എന്ന ഗ്രന്ഥ ത്തിന്റെ പ്രകാശനം പത്മശ്രീ മീനാക്ഷി ഗുരുക്കൾ, ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് വി.ചന്ദ്രബാബുവിന് നൽകി നിർവഹി ച്ചു. ജവഹർ പബ്ലിക്ക് ലൈബ്രറിയിൽ നടന്ന ചടങ്ങിൽ രവീന്ദ്ര നാഥ് ചേലേരി അധ്യക്ഷത വഹിച്ചു. എം.ഇ.സുരേഷ് ഗുരുക്കൾ പുസ്തകം പരിചയപ്പെടുത്തി. എസ്.ആർ.ഡി.പ്രസാദ് ഗുരുക്കൾ, പി.കെ.ശ്രീധരൻ മാസ്റ്റർ, രവീന്ദ്രൻ ഗുരുക്കൾ, സുകുമാരൻ ഗുരു ക്കൾ സംസാരിച്ചു. എ.ദാമോദരൻ സ്വാഗതവും ഡോ.സി.ഗംഗാധ രൻ നന്ദിയും പറഞ്ഞു. കളരിപ്പയറ്റ് ആചാര്യൻ കെ.കെ.ഭാസ്ക രൻ ഗുരുക്കളെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് കളരിപ്പയറ്റ്, കരാട്ടേ പ്രദർശനവും ആയോധനകല വർത്തമാന ചിന്തകൾ എന്ന വിഷ യത്തെ അധികരിച്ച് സെമിനാറും നടന്നു.

പയ്യന്നൂരിൽ നിർമ്മിക്കുന്ന ഹൈടെക് കോർട്ട് കോംപ്ലക്സിന്റെ മാതൃക

ഹൈടെക് കോർട്ട് കോംപ്ലക്സ് പയ്യന്നൂരിൽ; 14 കോടി രൂപയുടെ ഭരണാനുമതിയായി

പയ്യന്നൂർ: പയ്യന്നൂരിൽ പുതുതായി കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 14 കോടി രൂപയുടെ ഭരണാനുമതിയായ തായി സി.കൃഷ്ണൻ എം.എൽ.എ അറിയിച്ചു. ആധുനിക സൗകര്യങ്ങളോട് കൂടിയ അഞ്ച് നിലകളുള്ള കോടതി സമുച്ച യമാണ് പയ്യന്നൂരിൽ നിർമ്മിക്കുന്നത്.

ഒന്നാംനിലയിൽ മജിസ്ട്രേട്ട് കോടതി, വീഡിയോ കോൺഫറൻസ് ഹാൾ, രണ്ടാംനിലയിൽ മുനിസീഫ് കോടതി, മൂന്നാംനിലയിൽ ജില്ലാ നിലവാരത്തിലുള്ള സ്പെഷ്യൽ കോട തി, നാലാംനിലയിൽ റെക്കോർഡ് റൂം, അഞ്ചാംനിലയിൽ കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങളുണ്ടാകും. 49012 സ്കയർ ഫീറ്റുള്ള കെട്ടിടത്തിൽ അഡ്വക്കറ്റ് ഹാൾ, ലേഡി അഡ്വക്കറ്റ് ഹാൾ, മീഡിയേഷൻ റൂം, പോലീസ് ഡ്രസിംഗ് റൂം, ക്ലർക്ക് റൂം, ഫീഡിംഗ് റൂം, സ്ക്രീൻ സൗകര്യങ്ങൾ, 60 കാറു കൾക്കും 40 ഇരുചക്രവാഹനങ്ങൾക്കും പാർക്ക് ചെയ്യാനുള്ള സൗകര്യം എന്നിവയുണ്ട്. നിലവിൽ 60 വർഷത്തോളം പഴക്ക മുള്ള മുനിസീഫ് കോടതി സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് പുതിയ കോടതി സമുച്ചയം വരുന്നത്.

ആവശ്യമുണ്ട്

പുതിയതായി ആരംഭിക്കുന്ന കിച്ചൺ ക്യാബിനറ്റ് യൂണിറ്റിലേക്ക് പരിചയസമ്പന്നരായ തൊഴിലാളികളെ ആവശ്യമുണ്ട്.

1. മാനേജർ കം ഡിസൈനർ- 2 Nos
2. പ്ലൈനർ ഓപ്പറേറ്റർ - 5 Nos

Mob: 9747751577

Apply- Resume & Expected Salary to sonawood123@gmail.com

NOTIFICATION

I,Thajisha Henna hereby inviting to the notice of the public that my Grade Card of IIIrd Sem Bsc (Computer Sceince) Examination November. 2012 year with Register No: STIICCSR 27 of Kannur University has been irrecoverably lost during house Shift and as Such I intend to apply for the duplicate Grade Card. if anybody happens to get the original, kindly send the same to or intimate the undersigned or the University.

THAJISHA HENNA
'Muktha' Near Govt. Hospital
Karimbam, Taliparamba
Kannur, Pin 670142

പാസ്പോർട്ട് നഷ്ടപ്പെട്ടു

കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്നും 14/10/2004ൽ ഇഷ്യൂ ചെയ്ത എന്റെ F 0879625 നമ്പർ പാസ്പോർട്ട് തളിപ്പറമ്പ് ടൗണിൽ യാത്രക്കിടെ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ തളിപ്പറമ്പ പോലീസ് സ്റ്റേഷനിലോ താഴെ കാണുന്ന വിലാസത്തിലോ അറിയിക്കാൻ താൽപര്യം. കണ്ടുകിട്ടാത്തപക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.

ജേഴ്സി ആന്റണി തോട്ടുപാലിൽ
ചെമ്പന്തൊട്ടി, കണ്ണൂർ ജില്ല

ആവശ്യമുണ്ട്

തളിപ്പറമ്പിൽ പ്രവർത്തിക്കുന്ന Ecofriendly ഉൽപന്ന നിർമ്മാണ കമ്പനിയിലേക്ക് സെയിൽസ് റപ്രസന്റേറ്റീവിനെ ആവശ്യമുണ്ട്. തളിപ്പറമ്പ് പ്രദേശക്കാർക്ക് മുൻഗണന.

9400990006

വ്യത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട | ആലക്കോട് റോഡ് തളിപ്പറമ്പ | മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്

മലയോര മേഖലയിലെ പ്രമുഖ വസ്ത്രാലയത്തിലേക്ക് പരിചയസമ്പ ന്നരായ ലേഡി സ്റ്റാഫിനെ ഉടൻ ആവ ശ്യമുണ്ട്. തളിപ്പറമ്പ്, പഴയങ്ങാടി, മാട്ടൂൽ, ആലക്കോട്, ശ്രീകണ്ഠപുരം, പെരുമ്പടവ്, ചെറുപുഴ മേഖലകളിലു ള്ളവർക്ക് മുൻഗണന. ബന്ധപ്പെടുക.

9447341301
9656485088

ആവശ്യമുണ്ട്

മഹാരാഷ്ട്രയിൽ ബേക്കറിയിലേക്ക് പരിചയം ഉള്ള സെയിൽസ്മാൻമാരെ ആവശ്യ മുണ്ട്. ഹിന്ദി ഭാഷ അറിഞ്ഞിരി ക്കണം. ഭക്ഷണം, താമസം സൗജന്യം. ഹിന്ദി ഭാഷ അറിയു ന്നവർ മാത്രം വിളിക്കുക.

9404009840,
9922494916

SILPAULIN

താർപായകൾ ഏത് അളവിലും

JR BUSINESS CORPORATION
WHOLESALE & RETAIL

ഹോൾസെയിൽ & റീട്ടെയിൽ

കാക്കത്തോട് ജംഗ്ഷൻ, നിയർ വ്യാപാരഭവൻ
തളിപ്പറമ്പ്

Ph: 0460 2203149, 9847112365, 9142048110

NB: വാടക സാധന വിതരണ കടകൾ, ഹോട്ടലുകൾ, തട്ടുകടകൾ എന്നിവക്ക് ആവശ്യമായ ഗ്യാസ് അടുപ്പ്, അലുമിനിയം-സ്റ്റീൽ-ചെമ്പ് പാത്രങ്ങൾ, ബേരലുകൾ, കസേരകൾ, മേശകൾ തുടങ്ങി എല്ലാവിധ സാധനങ്ങളും ഹോൾസെയിൽ വിലയിൽവിൽക്കപ്പെടുന്നു